**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3844** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ നൂതന ആശയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരമേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കർഷകരിലേക്ക് എത്തിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന 5 ക്ഷീരപരിശീലന കേന്ദ്രങ്ങൾ, പത്തനംതിട്ട അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡെയറി എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ എന്നിവ മുഖേന ഓൺലൈൻ/ഓഫ്‌ലൈൻ ക്ലാസ്സുകളും പരിശീലനങ്ങളും ക്ഷീരകർഷകർക്ക് നൽകിക്കൊണ്ട് ക്ഷീരമേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കർഷകരിലേയ്ക്ക് എത്തിക്കുന്നു. ഇതുകൂടാതെ, ബ്ലോക്ക് തലത്തിലുള്ള കർഷക സമ്പർക്ക പരിപാടികൾ, പാൽ ഗുണമേന്മ ബോധവൽകരണ ക്ലാസ്സുകൾ, ഗുണഭോക്തൃ മുഖാമുഖം പരിപാടികൾ, ബ്ലോക്ക്/ജില്ല/ സംസ്ഥാന തലത്തിലുള്ള ക്ഷീരകർഷക സംഗമങ്ങൾ എന്നിവയിലൂടെയും ക്ഷീരകർഷകർക്ക് ക്ഷീര മേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കൈമാറുന്നു |
| (ബി) | ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ക്ഷീരവികസന വകുപ്പ്, കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻഫർമാറ്റിക്സ് സെന്റർ മുഖേനയാണ് ക്ഷീരസംഘങ്ങൾക്കായുള്ള ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നത്. ക്ഷീരവികസന വകുപ്പിന്റെ പോർട്ടലായ ക്ഷീരശ്രീ പോർട്ടൽ മുഖേന തന്നെയാണ് ക്ഷീരസംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനവും അസ്സെസ് ചെയ്യുവാൻ സാധിക്കുക. തിരുവനന്തപുരം ജില്ലയിലെ മൂന്ന് ക്ഷീരസഹകരണ ക്ഷീരസംഘങ്ങളിൽ പ്രസ്തുത ഏകീകൃത സോഫ്റ്റ്‌വെയർ ട്രയൽ റൺ നടത്തി വരുന്നു. ആയത് |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും പ്രവർത്തനക്ഷമം ആകുന്ന മുറയ്ക്ക് എല്ലാ ക്ഷീരസംഘങ്ങളിലും ഇത് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ